**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **14-10-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് രാജ് ആക്ടിന് മുമ്പ് കൈമാറി കിട്ടിയ ആസ്തികൾ പഞ്ചായത്തിന്റെ പേരിൽ ചേർക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 1994-ന് മുമ്പ് സർക്കാരിലേക്ക് പൊതുജനങ്ങൾ വിട്ടുനൽകിയ ആസ്തികൾ (റോഡുകൾ) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഇപ്പോഴും സർക്കാർ/ സ്വകാര്യ വ്യക്തികളുടെ പേരിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. ഇത്തരത്തിൽ വസ്തുത ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ചട്ട വ്യവസ്ഥകൾ പാലിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 പ്രകാരം സർക്കാർ ദേശീയപാതയോ സംസ്ഥാനപാതയോ മേജർ ജില്ലാ റോഡോ ആയി തരംതിരിച്ചിട്ടുള്ള റോഡുകൾ ഒഴികെ ഒരു പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലുള്ള എല്ലാ പൊതുവഴികളും അതാതുതലത്തിലുള്ള ത്രിതല പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. കൂടാതെ മേൽ ആക്ടിലെ സെക്ഷൻ 2 (35) പ്രകാരം പൊതുജനങ്ങൾക്ക് വഴിയായി ഉപയോഗിക്കാൻ അവകാശമുള്ള എല്ലാ ഭൂമിയും അത് സ്വകാര്യവസ്തുവോ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ വസ്തുവോ ആയിരുന്നാലും പൊതുവഴി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | 1994-ന് മുമ്പ് നിലവിൽ ഉണ്ടായിരുന്നതും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി 2005 ആസ്തി രജിസ്റ്റർ പ്രകാരം പരിപാലിച്ച് വരുന്നതുമായ ഗ്രാമീണ റോഡുകൾ 1984-ലെ റീസർവേ പ്രകാരം സ്വകാര്യ വ്യക്തികൾ അളന്ന് കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം എത്ര കേസുകൾ നിലവിലുണ്ടെന്നും, ടി റോഡുകൾ തിരികെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വസ്തുത ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ചട്ട വ്യവസ്ഥകൾ പാലിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ